REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 18-04-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **വാൽപ്പാറ അപകടത്തിൽ മരിച്ച 9 പേരുടേയും സംസ്കാരം അല്പസമയത്തിനകം. ഒട്ടേറെ പേർ പാങ്ങ് അമ്പലത്തറ സ്കൂളിലെ പൊതുദർശനത്തിൽ അന്ത്യാഞ്ജലിയർപ്പിച്ചു.**
- **വനിതാ സംവരണ ബിൽ അവതരണത്തിന് വേണ്ടി ചേർന്ന പാർലമെന്റ് പ്രത്യേക സമ്മേളനം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.**
- **പ്രധാനമന്ത്രിയുടെ ആകാശവാണി മൻ കി ബാതിലേക്ക് ഈ മാസം 24 വരെ ആശയങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം.**
- **കൊച്ചിയിൽ നിന്ന് ഈ വർഷത്തെ ആദ്യ ഹജ് വിമാനം ഏപ്രിൽ 30 ന് യാത്രാ തിരിക്കുമെന്ന് ഹജ്ജ് കമ്മിറ്റി.**
- **IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളുരു, ഡൽഹി കാപ്പിറ്റൽസിനെയും, സൺ റൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർകിംഗ്സിനെയും നേരിടും.**

## വാർത്തകൾ വിശദമായി

വാൽപ്പാറ അപകടത്തിൽ മരിച്ച 9 പേരുടേയും ഭൗതിക ശരീരം മലപ്പുറം പാങ്ങ് അമ്പലത്തറ HSS ലെ പൊതുദർശനത്തിന് ശേഷം വീടുകളിലേക്ക് കൊണ്ടുപോയി. ഉച്ചയോടെ മൃതദേഹങ്ങൾ സംസ്കരിക്കും.

നേരത്തെ രക്ഷിതാക്കളും വിദ്യാർത്ഥികളും നാട്ടുകാരുമടക്കം നൂറുകണക്കിനാളുകൾ, അധ്യാപകരടക്കം പ്രിയപ്പെട്ടവർക്ക് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയിരുന്നു. മന്ത്രി V.ശിവൻകുട്ടി, MLA മാരായ P.Kകുഞ്ഞാലിക്കുട്ടി, മഞ്ഞളാംകുഴി അലി, A.P അനിൽകുമാർ, ആബിദ്

ഹുസൈൻ തങ്ങൾ, മുസ്ലിം ലീഗ് അധ്യക്ഷൻ പാണക്കാട് സാദിഖലി തങ്ങൾ തുടങ്ങി ഒട്ടേറെ പേർ പൊതുദർശനത്തിനെത്തി അന്തിമോപചാരം അർപ്പിച്ചു

പാങ്ങ് GLP സ്കൂളിലുണ്ടായത് താങ്ങാനാകാത്ത ദുഃഖമാണെന്നും, ഒരു അധ്യാപകൻ മാത്രമാണ് സ്കൂളിൽ ഇനി ശേഷിക്കുന്നതെന്നും മന്ത്രി V ശിവൻകുട്ടി പറഞ്ഞു. മരിച്ചവരുടെ ശരീരങ്ങൾ പോസ്റ്റ്മോർട്ടം ചെയ്യാനും, തുടർനടപടികൾക്കും മുഖ്യമന്ത്രി ഇടപെട്ട് സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നുവെന്ന് മന്ത്രി അറിയിച്ചു. ചികിത്സയിൽ കഴിയുന്നവർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഗവണ്മെന്റ് ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ജനുവരി 28 ന് ആരംഭിച്ച സമ്മേളനം, വനിതാ സംവരണ ബിൽ അവതരണത്തിന് വേണ്ടി അധികമായി ഈ മാസം 16 മുതൽ മൂന്ന് ദിവസം പ്രത്യേകം ചേരുകയായിരുന്നു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ നിതിൻരാജിന്റെ മരണവുമായി ബന്ധപ്പെട്ട് നോയിഡയിൽ നിന്നും അറസ്റ്റിലായ ലോൺ ആപ്പ് നടത്തിപ്പുകാരെ, കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി റിമാന്റ് ചെയ്തു. ലോൺ ആപ്പ് ഉടമകൾ ആയ ഖാസിയാബാദ് സ്വദേശി ഋഷികേഷ് തിവാരി, ഉത്തർപ്രദേശ് സ്വദേശി പ്രശാന്ത് ഖേവൽ, ഫരിദാബാദ് സ്വദേശി പ്രകാശ് ജയ് എന്നിവരെയാണ് നോയിഡയിൽ നിന്ന് കണ്ണൂർ സിറ്റി സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തത്. "ഇൻസ്റ്റന്റ് ഫണ്ട്സ്" എന്ന ലോൺ ആപ്പ് നടത്തിപ്പുകാരാണിവർ.

നിതിൻരാജിന്റെ മരണത്തെകുറിച്ച് സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് കേരള പുലയർ മഹാസഭ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ, മറ്റന്നാൾ കണ്ണൂർ സിറ്റി പൊലീസ് കമ്മിഷണർ ഓഫീസിലേക്ക് മാർച്ച് നടത്തും. പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് സംസ്ഥാന പ്രസിഡന്റ് A സനീഷ്കുമാർ ആവശ്യപ്പെട്ടു.

✪✪✪

നിധിൻ രാജിന്റെ മരണത്തെ തുടർന്ന് ദന്തൽ കോളേജിലെ അധ്യാപകർ ഉൾപ്പെടെ ഏഴുപേർ രാജിക്കത്ത് സമർപ്പിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. ഓർത്തോഡോണ്ടിക്സ് വിഭാഗത്തിൽപ്പെട്ടവരാണ് രാജി നൽകിയത്.

✪✪✪

വനിതാ സംവരണ ബില്ലിനെ പാർലമെന്റിൽ അനുകൂലിക്കാത്ത കോൺഗ്രസിനെയും പ്രതിപക്ഷത്തെയും സിവിൽ വ്യോമയാന മന്ത്രി K. റാംമോഹൻ നായിഡു കുറ്റപ്പെടുത്തി. ബില്ലിനെ എതിർക്കുന്നത്, രാജ്യത്തെ ദശലക്ഷക്കണക്കിന് സ്ത്രീകൾക്ക് നേരിട്ട് അവസരം നിഷേധിക്കലാണെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ന് ലോക പൈതൃക ദിനം. ഓരോ രാജ്യത്തിന്റെയും ചരിത്രവും, സംസ്കാരവും രേഖപ്പെടുത്തിയ സ്മാരകങ്ങൾ സംരക്ഷിക്കുകയാണ് ലോക പൈതൃക ദിനാചരണ ലക്ഷ്യം. "സംഘർഷങ്ങളുടെയും ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ജീവിക്കുന്ന പൈതൃകത്തിനായി അടിയന്തര പ്രതികരണം" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

നിർത്തലാക്കിയ കറൻസി നോട്ടുകൾ കൈമാറ്റം ചെയ്യുന്നതിന് റിസർവ് ബാങ്ക് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു എന്ന റിപ്പോർട്ട് ഗവൺമെന്റ് നിഷേധിച്ചു. ഇത് വ്യാജമാണെന്നും RBI പുതിയ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ലെന്നും PIB ഫാക്റ്റ് ചെക്ക് യൂണിറ്റ് അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MYGOV ഓപ്പൺ ഫോറം വഴിയോ നിർദേശങ്ങൾ നൽകാം. മൻ കീ ബാത്തിന്റെ 133-ാം പതിപ്പ് ഈ മാസം 26-ന് ആകാശവാണിയിലും, ദൂരദർശനിലും ലഭ്യമാകും.

✪✪✪

സംസ്ഥാന ഹജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ ആദ്യ ഹജ് വിമാനം കൊച്ചിയിൽ നിന്ന് ഏപ്രിൽ 30 ന് യാത്രാ തിരിക്കുമെന്ന് ഹജ്ജ് കമ്മിറ്റി അറിയിച്ചു.

ഉച്ചയ്ക്ക് 2.10-ന് പുറപ്പെടുന്ന വിമാനം വൈകിട്ട് 5.30ന് ജിദ്ദയിൽ എത്തും. 432 പേർ വീതം ഉൾക്കൊള്ളുന്ന 20 സർവ്വീസുകളാണ് കൊച്ചിയിൽ നിന്ന് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. കേരളത്തിൽ നിന്ന് 7,960 പേരും,

ലക്ഷദ്വീപുൾപ്പെടെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് 408 പേരുമുൾപ്പെടെ മൊത്തം 8,368 പേരാണ് യാത്രയാകുന്നത്.

കണ്ണൂരിൽ നിന്നും മെയ് ആറ് മുതൽ മെയ് 14 വരെ ഫ്ളൈ അദീൽ 13 സർവ്വീസുകളും, കരിപ്പൂരിൽ നിന്നും മെയ് 15 മുതൽ മെയ് 18 വരെ ആകാശ എയർ ഏഴ് സർവ്വീസുകളുമാണ് നടത്തുന്നതെന്നും ഹജ്ജ് കമ്മിറ്റി കേന്ദ്രങ്ങൾ അറിയിച്ചു.

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് 4,286 പേരാണ് ഹജ്ജിന് പോകുന്നത്.. മെയ് അഞ്ചിന് ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

✪✪✪

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചിലയിടങ്ങളിൽ ഉഷ്ണ തരംഗത്തിന് സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഇടുക്കി, വയനാട് ഒഴികെ ജില്ലകളിൽ താപനില 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത്.

✪✪✪

സംസ്ഥാനത്തെ ഉയർന്ന ചൂടും സൂര്യാഘാത കേസുകളുടെ വർദ്ധനയും കണക്കിലെടുത്ത്, ആരോഗ്യ വകുപ്പ് പ്രധാന ആശുപത്രികളിൽ പ്രത്യേക ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ സ്ഥാപിച്ചു. കൂളിംഗ് ഉപകരണങ്ങളുടെയും അവശ്യ മരുന്നുകളുടെയും ലഭ്യത ഉറപ്പാക്കുന്നതിന് സമഗ്രമായ ഒരു ഹീറ്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കിയിട്ടുണ്ടെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഈ മാസം 20,21 തീയതികളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇടിമിന്നൽ സാധ്യത മനസ്സിലാക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയ 'ദാമിനി' മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

✪✪✪

കേരളത്തിന്റെ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനത്തിന്റെ മുപ്പത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് ചേലക്കോടൻ ആയിഷുമ്മ അനുസ്മരണം, അൽപ്പസമയത്തിനകം മലപ്പുറം LSGD ഹാളിൽ നടത്തും. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ N S S -

കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. കവിയും സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ മണമ്പൂർ രാജൻ ബാബു ചടങ്ങ് ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് ഏകോപനത്തോടെ പ്രവർത്തിക്കാൻ, ജില്ലാ കളക്ടർ അരുൺ K വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം നിർദ്ദേശിച്ചു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(VOICE).................

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു, ഡൽഹി കാപ്പിറ്റൽസിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നരക്ക് ബംഗളുരു ചിന്നസാമി സ്റ്റേഡിയത്തിലാണ് മത്സരം.

ഹൈദരാബാദിൽ മറ്റൊരു മത്സരത്തിൽ, രാത്രി ഏഴരക്ക് സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് FC ജംഷഡ്പൂർ FC യെ നേരിടും.വൈകിട്ട് അഞ്ചിന് കൊച്ചിയിലാണ് മത്സരം.

വൈകിട്ട് ഏഴരയ്ക്ക് ഗോവയിൽ മറ്റൊരു മത്സരത്തിൽ മുംബൈ സിറ്റി FC , FC ഗോവയെ നേരിടും.

✪✪✪

ഇന്ത്യാ ദക്ഷിണാഫ്രിക്ക ട്വന്റി20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ അടുത്ത മത്സരം നാളെ ഡർബനിൽ നടക്കും. അഞ്ച് മത്സര പരമ്പരയിലെ ആദ്യ മത്സരത്തിൽ, ഇന്നലെ ഇന്ത്യയെ 6 വിക്കറ്റിന് ദക്ഷിണാഫ്രിക്ക പരാജയപ്പെടുത്തിയിരുന്നു.

ഈ മാസം 22, 25 തീയതികളിൽ ജോഹന്നാസ്ബർഗിലാണ് മൂന്നാമത്തെയും നാലാമത്തെയും മത്സരങ്ങൾ. 27 ന് ബെനോണിയിലെ വില്ലോമൂർ പാർക്കിലാണ് ഫൈനൽ മത്സരം.

✪✪✪

ഇന്ത്യൻ ഫുട്ബോൾ ലീഗിൽ ഇന്ന് ഗോകുലം കേരള ഡയമണ്ട് ഹാർബറിനെ നേരിടും. വൈകിട്ട് നാലിന് കൊൽക്കത്ത കല്യാണി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കണ്ണൂർ മാവിലാക്കാവിലെ പ്രസിദ്ധമായ അടി ഉത്സവം ഇന്ന്. മാവിലായി നിലാഞ്ചിറ വയലിൽ വൈകിട്ടാണ് അടി ഉത്സവം.

✪✪✪

സ്വർണ്ണവില പവന് 600 രൂപ വർദ്ധിച്ച് ഇന്ന് ഒരു ലക്ഷത്തി 14,240 രൂപയായി. ഗ്രാമിന് 14,280 രൂപയിലാണ് വ്യാപാരം നടക്കുന്നത്.

✪✪✪

ഫോക്ക് ആർട്സ് കൾച്ചറൽ ഫോറം, 2026 ലെ അവാർഡുകൾ പ്രഖ്യാപിച്ചു. മഹാകവി മോയിൻകുട്ടി വൈദ്യർ അവാർഡ് നല്ലളം കബീറിനും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മദർ തെരേസ അവാർഡ് ചെറി മോങ്ങം, ക്ലാസിക്കൽ കലകൾക്ക് അരുന്ധതി പാണ്ഡെ അവാർഡ് വിജിഷ, മിത്ര എന്നിവർക്കുമാണ്. 10,000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്.

കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിക്കുന്ന അവാർഡ് നൈറ്റിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

✪✪✪

ശബരിമലയിൽ മേട, വിഷു പൂജകൾക്ക് ശേഷം രാത്രി 10 ന് നട അടയ്ക്കും. ഇടവമാസ പൂജയ്ക്കായി അടുത്ത മാസം 14 ന് വീണ്ടും നട തുറക്കും.

✪✪✪

ഡോ. സുകുമാർ അഴീക്കോടിന്റെ ജന്മശതാബ്ദി ആഘോഷം, നാളെ കണ്ണൂർ അഴീക്കോട് സംഘടിപ്പിക്കും. കേരള സാഹിത്യ അക്കാദമിയും, കണ്ണൂർ സുകുമാർ അഴീക്കോട് സാംസ്കാരിക കേന്ദ്രവും ചേർന്ന് അഴിക്കോട് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിക്കുന്ന ആഘോഷം, ഡോ. സുനിൽ പി. ഇളയിടം ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്കുശേഷമാണ് ശതാബ്ദി സെമിനാർ.

✪✪✪

മികച്ച ജീവകാരുണ്യ പ്രവർത്തനത്തിന് സദയം ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയ അവർഡ് കോഴിക്കോട് കോട്ടൂളി സ്വദേശിയും കേന്ദ്ര ആഭ്യന്തര മന്ത്രാലയം റിട്ട ഓഫീസറുമായ M ശിവന് നൽകും. കാൽലക്ഷം രൂപയും പ്രശസ്തി പത്രവും മെമെന്റോയുമടങ്ങിയ അവാർഡ് മെയ് 10 ന് കോഴിക്കോട്ട് സമ്മാനിക്കും. കുടുംബങ്ങളിൽ നിന്ന് വേർപെട്ടു പോയവരെ

തിരികെയെത്തിക്കുന്ന സേവനമാണ് K.ശിവൻ നിറവേറ്റുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 450 ഓളം ആളുകളെ വീട്ടിലെത്തിക്കാൻ ശിവന് കഴിഞ്ഞു.

✪✪✪

ലക്ഷദ്വീപ് ഫിഷറീസ് വകുപ്പും കവരത്തി ഗവൺമെന്റ് Dr BR Ambedkar ITI യും ചേർന്ന് ആഴക്കടൽ മത്സ്യബന്ധനത്തിന് സഹായിക്കുന്ന ഫിഷ് അഗ്രിഗേറ്റിംഗ് ഡിവൈസ് സ്ഥാപിച്ചു. ലക്ഷദ്വീപിൽ ഇതാദ്യമാണ് ആഴക്കടലിൽ വിദ്യാത്ഥികളുടെ കൂട്ടായ്മയിൽ FAD സ്ഥാപിക്കുന്നത്.

✪✪✪

കണ്ണൂർ സർവമംഗള ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രൊഫ. T. ലക്ഷ്മണൻ സ്മാരക സർവമംഗള പുരസ്കാരം, നാളെ ഡോ. N.K ശശീന്ദ്രന് സമ്മാനിക്കും. സാഹിത്യ- സാംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവന കണക്കിലെടുത്താണ് അവാർഡ്.

✪✪✪

കണ്ണൂർ മയ്യിൽ തായംപൊയിൽ സഫ്ദർ ഹാഷ്മി ഗ്രന്ഥാലയം ഏർപ്പെടുത്തിയ N ഉണ്ണികൃഷ്ണൻ സ്മാരക പുരസ്കാരം, എഴുത്തുകാരനും ചായപ്പീടിക പുസ്തക ചർച്ചയുടെ സംഘാടകനുമായ ഷുക്കൂർ പെടയങ്ങോടിന് സമ്മാനിക്കും. പതിനായിരം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം. ഈ മാസം 26നാണ് അവാർഡ്ദാന ചടങ്ങ്.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader : സബിത കെ*
*News Team: മണികണ്ഠൻ, രജിന കെ*
*DEO : ഷീബ*